# പതിമൂന്നാം കേരള നിയമസഭ
## 13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 419 — 10/03/2015 ൽ മറുപടിയ്ക്ക്

## ഇലക്ട്രോണിക്സ് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി തിലോത്തമൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പ് മന്ത്രി. |
| (എ) വ്യവസായ വളർച്ചയുടെ ഭാഗമായും സമൂഹത്തിന്റെ മറ്റ് മേഖലകളുടെ വളർച്ചയ്ക്ക് വേണ്ടിയും അത്യന്താപേക്ഷിതമായി കരുതി വിനിയോഗിക്കപ്പെടുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗ ശൂന്യമായാൽ അതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് എന്ന നിലയിൽ കണ്ടെത്തിയിരിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ; ഇതിനായി ചെലവിടുന്ന തുക എത്രയാണ്; വ്യക്തമാക്കുമോ;<br><br>(ബി) ഓഫീസുകളിൽ കുന്നു കൂടുന്ന ഇലക്ട്രോണിക്സ് മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്ത വിധം സംസ്കരിക്കുവാനും പുനരുപയോഗം നടത്തുവാനും പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | (എ) യും (ബി) യും | സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ല. എന്നാൽ നഗര കാര്യ വകുപ്പിനു കീഴിൽ, അർബൻ സാനിട്ടേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള, ക്ലീൻ കേരള കമ്പനി സർക്കാർ ഓഫീസുകളിൽ നിന്നുൾപ്പെടെയുള്ള ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയമായ പുന:ചംക്രമണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഗാർഹിക ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായമായി 2 ലക്ഷം രൂപ നടപ്പുവർഷം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ